ഉയർന്ന തസ്തികകളിലേയ്ക്ക് നേരിട്ട് നിയമനം നടത്തുവാൻ സിഡ്കോ മാനേജ്മെന്റ് എടുത്ത തീരുമാനം

149 (6316) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഉയർന്ന തസ്തികകളിലേക്ക് നേരിട്ട് നിയമനം നടത്തുവാൻ സിഡ്കോ മാനേജ്മെന്റ് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇത്തരം നിയമനങ്ങൾ നടത്തുന്നതിന്റെ ചുമതലയിൽ നിന്നും പി. എസ്. സി. യെ ഒഴിവാക്കിയതിന്റെ കാരണം വിശദീകരിക്കുമോ ?

ഉത്തരം

മിഡിൽ ലെവൽ കാറ്റഗറിയിലെ 7 തസ്തികകളിലേയ്ക്ക് നേരിട്ട് നിയമനം നടത്തുവാൻ സിഡ്കോ മാനേജ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. സിഡ്കോയിൽ അടിസ്ഥാന ശമ്പളം 6,675- രൂപ (പുതുക്കിയ ശമ്പളം 11,070-) വരെ വരുന്ന തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ 15-8-1975 മുതൽ പി.എസ്.സി.വഴിയാണ് നടത്തുന്നത്. അടിസ്ഥാന ശമ്പളം 11,070- രൂപയ്ക്ക് മുകളിൽ വരുന്ന തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ പ്രൊമോഷൻവഴിയും നേരിട്ടുള്ള നിയമനം വഴിയും നിശ്ചിത യോഗ്യത അടിസ്ഥാനത്തിൽ നടത്തുന്നു. സിഡ്കോയുടെ സ്റ്റാഫ് റഗുലേഷനിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മേൽപ്പറഞ്ഞ ചട്ടമാണ് സ്വീകരിച്ചിട്ടുള്ളത്. അതിനാൽ പി.എസ്.സി.യെ ഉയർന്ന തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ നിന്നും ഒഴിവാക്കിയതല്ലെന്നും പി.എസ്.സി.യുടെ പരിധിയിലുള്ള നിയമനങ്ങളല്ലെന്നും വ്യക്തമാണ്.

ആട്ടോകാസ്റ്റ് ലിമിറ്റഡിലെ ആശ്രിത നിയമനം

150 (6317) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനമായ ആട്ടോകാസ്റ്റ് ലിമിറ്റഡിൽ ആശ്രിത നിയമനം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് അറിയിക്കുമോ ;

(സി) ആശ്രിത നിയമനം സംബന്ധിച്ച അപേക്ഷകളിൽ അടിയന്തരമായി തീരുമാനം എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആട്ടോകാസ്റ്റ് ലിമിറ്റഡിൽ ആശ്രിത നിയമനം ലഭിക്കുന്നതിനായി 22 അപേക്ഷകളാണ് ഇപ്പോൾ നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly